(ബി) കമ്മീഷൻ കടാശ്വാസം അനുവദിച്ചശേഷം സർക്കാർ നടപടി ക്രമങ്ങൾ മൂലമുണ്ടാകുന്ന കാലതാമസത്തിന് കർഷകനിൽ നിന്നും പലിശ ഈടാക്കുന്നതിന് പകരം സർക്കാർ തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കടാശ്വാസം ശുപാർശ ചെയ്തുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്. കൃഷി വകുപ്പിൽ നിന്നും ആവശ്യമായ തുക യഥാസമയം സഹകരണസംഘം രജിസ്ട്രാറുടെ റ്റി.എസ്. ബി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നുമുണ്ട്.

കർഷക ആത്മഹത്യ

198 (5608) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷിക രംഗത്ത് കടംമൂലം കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാർഷിക കടം മൂലം കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കർഷക ആത്മഹത്യകൾ ഇപ്പോൾ ശൂന്യാവസ്ഥയിലെത്തിയതായി വിവിധ റിപ്പോർട്ടുകൾ പറയുന്നു.

നെൽകർഷകർക്കായുള്ള കന്നുകാലി-കോഴി വളർത്തൽ യൂണിറ്റുകൾ

199 (5609) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകർക്ക് കന്നുകാലി-കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ; പദ്ധതി പ്രകാരം ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് എത്ര രൂപയാണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു യൂണിറ്റിൽ എത്ര പശുവും കോഴിയും ഉൾപ്പെടുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly